സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇടക്കാല ആശ്വാസം

15 (5683) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്ക്കരണ നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിലും പൊതു വിപണിയിൽ വില കുതിച്ചുയരുന്ന സാഹചര്യത്തിലും സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇടക്കാല ആശ്വാസം അനുവദിക്കുവാൻ എന്തെങ്കിലും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇടക്കാല ആശ്വാസം അനുവദിക്കുന്നില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സമയബന്ധിതമായി സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുവേണ്ടി 9-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശമ്പള പരിഷ്കരണ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഇടക്കാല ആശ്വാസം അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ ഇതുവരെ തീരുമാനമൊന്നും എടുത്തിട്ടില്ല.

പറമ്പിക്കുളം - ആളിയാർ അന്തർ സംസ്ഥാന നദീജലക്കരാർ

16 (5684) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ അന്തർസംസ്ഥാന നദീജലക്കരാർ പുനരവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഈ വിഷയത്തിൽ ഈ സർക്കാർ വന്നശേഷം എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പി.എ.പി. കരാർ പുനരവലോകന ചർച്ചയിൽ കേരളം എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത് ;

(ഡി) കരാർ ചർച്ചയിൽ തമിഴ് നാടിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ഇ) കരാർ പുനരവലോകനം നീണ്ടുപോകുന്നതിന്റെ ഫലമായി കേരളത്തിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉഭയകക്ഷി ചർച്ചയിൽ തീരുമാനമാകാത്ത സ്ഥിതിക്ക് ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്താണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) 1988 മുതൽ പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചു. നാളിതുവരെ മുഖ്യമന്ത്രിതലത്തിലും മന്ത്രിതലത്തിലും ചീഫ് സെക്രട്ടറി തലത്തിലും സെക്രട്ടറി തലത്തിലും നിരവധി അന്തർ സംസ്ഥാന ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ ഈ ചർച്ചകളിലൊന്നും ഇരുസംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായ സമന്വയം നടത്തുവാൻ സാധിക്കാത്തതിനാൽ പുനരവലോകനം പൂർത്തിയായിട്ടില്ല.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 30-5-2008-ൽ തിരുവനന്തപുരത്ത് വച്ച് കേരള തമിഴ്നാട് ചീഫ് സെക്രട്ടറിമാർ സമ്മേളിച്ച് പി.എ.പി. പദ്ധതി പുനരവലോകന ചർച്ച നടത്തി. ചർച്ചയിലെ തീരുമാനമനുസരിച്ച് ഇരുസംസ്ഥാനവും അവരവരുടെ വാദമുഖങ്ങൾ പരസ്പരം കൈമാറി. 27-2-2009-ൽ ചെന്നൈയിൽ വച്ച് ചീഫ് സെക്രട്ടറിതല തുടർചർച്ച നടത്തുകയുണ്ടായി. ചർച്ചയിലെ തീരുമാനപ്രകാരം കേരള ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറിയും തമിഴ്നാട് പൊതുമരാമത്ത് വകുപ്പുസെക്രട്ടറിയും 8-4-2009-ൽ തിരുവനന്തപുരത്തുവച്ചും 24-4-2009-ൽ ചെന്നൈയിൽ വച്ചും യോഗം ചേർന്ന് ഒരു `set of proposals' ഉണ്ടാക്കി മന്ത്രിതല ചർച്ച നടത്തുന്നതിനായി സമർപ്പിച്ചു. എന്നാൽ തമിഴ്നാട് സർക്കാർ ചീഫ് സെക്രട്ടറിതലത്തിൽ ഒരു ചർച്ച കൂടി നടത്തണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് കേരളം അതിനോട് യോജിക്കുകയുണ്ടായി. ഈ ചർച്ച 2010 ഒക്ടോബർ മാസത്തിൽ നടത്തുവാനുള്ള സന്നദ്ധത കേരളം തമിഴ്നാടിനെ അറിയിച്ചിരിക്കുകയാണ്.

(സി) 24-4-2009-ൽ ചെന്നൈയിൽ നടന്ന ചർച്ചയിൽ കേരളം മുന്നോട്ട് വച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ് :

നിലവിലുള്ള കരാറനുസരിച്ച് കേരളത്തിന്റെ വിഹിതമായ 7.25 Tmcft. ജലം ചിറ്റൂർ പുഴ ആയക്കെട്ടിന് അപര്യാപ്തമാകയാൽ 4.75 Tmcft. കൂട്ടി 12 Tmcft. ആക്കണമെന്ന് ആവശ്യപ്പെട്ടു.

ഷോളയാർ സബ്ബേസിനിലെ ജലലഭ്യത കരാർ ഉണ്ടാക്കുമ്പോൾ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ വർദ്ധിച്ചിട്ടുണ്ടെന്നും ടി അധിക ജലലഭ്യത കേരളവുമായി പങ്ക് വയ്ക്കണം, കേരളത്തിന്റെ ജല വിഹിതം 14.8 Tmcft. ആയി പുനർനിർണ്ണയിക്കണം വ്യവസ്ഥയനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി 1, സെപ്റ്റംബർ 1, തീയതികളിൽ Full reservoir level-ൽ ജലം നിലനിർത്തണമെന്നും ആവശ്യപ്പെട്ടു.

പറമ്പിക്കുളം ഗ്രൂപ്പിൽനിന്നും കേരളത്തിന് ജലം ലഭിക്കാനുള്ള നിലവിലുള്ള `Threshold' ആയ 16.5 Tmcft. കൊണ്ട് കേരളത്തിന് പ്രയോജനമില്ലാത്തതിനാൽ അത് താഴ്ത്തി 12.5 Tmcft. ആക്കണമെന്ന് കേരളം ആവശ്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 24-4-2009-ൽ ചെന്നൈയിൽ വച്ച് നടന്ന ചർച്ചയിൽ തമിഴ്നാട് മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ് :

ആനമലയാർ ഡാം കേരളം നിർമ്മിക്കുമെന്ന ആശയം ആദ്യമായി പരിഗണിക്കാമെന്ന് തമിഴ്നാട് ഉപാധികളോടെ സമ്മതിച്ചു. കേരളം പ്രോജക്ടിന്റെ ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് തമിഴ്നാടിന് ലഭ്യമാക്കണം ആനമലയാർ ഡാമിനുള്ള അനുബന്ധ കരാർ ഒപ്പുവച്ച് 5 വർഷത്തിനകം കേരളം ഇടമലയാർ പ്രോജക്ട് പൂർത്തിയാക്കണം, ആനമലയാർ പ്രോജക്ടിന്റെ നിർമ്മാണവും ഇടമലയാർ ഡാമിന്റെ പൂർത്തീകരണവും ഒരേ സമയം നടത്തണം. ആനമലയാർ ഡാമിന്റെ പൂർത്തീകരണത്തിനായി നിശ്ചിത സമയപരിധി അനുബന്ധകരാറിൽ ഉറപ്പിക്കണം. ഏതെങ്കിലും കാരണവശാൽ പി.എ.പി. കരാറിൽ പറഞ്ഞപോലെ 2.5 Tmcft. ജലം ആനമലയാറിൽ നിന്നും നൽകാൻ സാധിച്ചില്ലെങ്കിൽ അത്രയും ജലം മറ്റു സ്രോതസ്സുകളിൽ നിന്നും നൽകണം ഇവയായിരുന്നു ഉപാധികൾ.

അപ്പർ നീരാറിൽ നിന്ന് വർഷം മുഴുവൻ (ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ ഉൾപ്പെടെ) തമിഴ്നാടിന് വെള്ളം നൽകാൻ കേരളം തയ്യാറാകണം.

തമിഴ്നാട് ഷോളയാർ പമ്പ് ഹൗസ് II -ൽ നിന്നും കേരള ഷോളയാറിലേക്ക് ജലം നൽകാൻ പ്രതിമാസാടിസ്ഥാനത്തിൽ ഒരു റിലീസ് പാറ്റേൺ തയ്യാറാക്കാൻ കേരളം സമ്മതിക്കണം.

മണക്കടവ് വിയറിന് മുകളിലായി ഒരു ബാലൻസിംഗ് റിസർവോയർ നിർമ്മിക്കുവാൻ തമിഴ്നാടിനെ അനുവദിക്കണം.

6.7 Tmcft. ജലം അപ്പർ നീരാറിൽ നിന്നും നേരിട്ട് തിരുമൂർത്തി ഡാമിലേയ്ക്ക് എത്തിക്കുവാൻ നീരാർ-നല്ലാർ നിർമ്മിക്കുവാൻ തമിഴ്നാടിനെ അനുവദിക്കണം.

(ഇ) പുനരവലോകനം നീണ്ടുപോകുന്നതിനാൽ പുനരവലോകന ചർച്ചകളിൽ കേരളം ഉന്നയിച്ചുവരുന്ന ആവശ്യങ്ങൾ നടപ്പിലാക്കുവാൻ സാധിക്കുന്നില്ലെന്ന നഷ്ടം മാത്രമേ ഉണ്ടായിട്ടുള്ളു.

(എഫ്) കേരള- തമിഴ്നാട് ചീഫ് സെക്രട്ടറിതല ചർച്ച 2010 ഒക്ടോബറിൽ തിരുവനന്തപുരത്ത് വച്ച് നടത്താനുള്ള സന്നദ്ധത കേരളം തമിഴ്നാടിനെ അറിയിച്ചിരിക്കുകയാണ്.

നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

17 (5685) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർവ്വീസിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പി.എസ്.സി. യെ കൊണ്ട് ഒഴിവുകളിൽ കാലതാമസം കൂടാതെ നിയമനങ്ങൾ നടത്തുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly